"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- അർബൻ - കണ്ണൂർ കോർപറേഷൻ - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുടെ റിപ്പോർട്ടിലെ ശിപാർശകളിൽ അന്വേഷണം നടത്തുന്നത് - അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2968/2022/LSGD തീയതി,തിരുവനന്തപുരം, 01-12-2022

---

പരാമർശം:- വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 20.06.2022 തീയതിയിലെ ഇ17-(എസ്.സി 1/2022/കെ.എൻ.ആർ) 14077/2022 നമ്പർ. കത്ത്.

**ഉത്തരവ്**

കണ്ണൂർ കോർപറേഷനിലെ റവന്യൂ വിഭാഗത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 07.01.2022 തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടിന്റെ അടിസ്ഥാനത്തിൽ ജമമാററത്തിനുള്ള അപേക്ഷകളിൽ ആവശ്യമായ അന്വേഷണം നടത്താതെ അനാവശ്യമായി കാലതാമസം വരുത്തിയ റവന്യൂ ഇൻസ്പെക്ടർമാരായ ശ്രീ.ബാലകൃഷ്ണൻ.എം.പി, ശ്രീ.മനോജൻ.ടി.കെ എന്നിവർക്കെതിരെ വകുപ്പ്തല നടപടി സ്വീകരിക്കാനും കണ്ണൂർ കോർപറേഷനിലെ R2-18583/15- ഫയലിൽ ലക്ഷകണക്കിന് രൂപ സർക്കാരിലേക്ക് മുതൽ കൂട്ടാകേണ്ട കാര്യത്തിൽ അലംഭാവം കാണിക്കുന്ന കോർപ്പറേഷൻ സെക്രട്ടറി ശ്രീ.സാജു.ഡി എന്നവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാനും ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം കണ്ണൂർ കോർപറേഷനിലെ റവന്യൂ വിഭാഗത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 07.01.2022 തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയുടെ പരാമർശം പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിലെ ശിപാർശ 1,2 എന്നിവയിൽ വിശദമായ അന്വേഷണം നടത്തി 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നഗരകാര്യ ഡയറക്ടറുടെ കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടർ ശ്രീ. ഹരികുമാർ.കെ-യെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDUMOLE M
അണ്ടർ സെക്രട്ടറി

പകർപ്പ്:-

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ. ഹരികുമാർ.കെ , ജോയിന്റ് ഡയറക്ടർ,(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

സ.ഉ.(സാധാ) നം.2968/2022/LSGD

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/205/2022-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

**Signed by Sonu Jacob**
**Date: 01-12-2022 16:52:07**

സെക്ഷൻ ഓഫീസർ